"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർ തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീ.കെ.ജെ.ടോമി-യ്ക്ക് അധികച്ചുമതലാ ബത്ത അനുവദിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.420/2026/LSGD തിരുവനന്തപുരം,തീയതി:18-02-2026

പരാമർശം:-

1. സ.ഉ.(സാധാ) നം.1402/2022/തസ്വഭവ തീയതി: 07.06.2022
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.8.2025-ലെ LSGD/PD/13741/2024-DEH4 നം.കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർ ശ്രീ. സിജു തോമസിന് വകുപ്പിൽനിന്നും വിടുതൽ നൽകിയതിനെത്തുടർന്ന്, ടി തസ്തികയുടെ പൂർണ അധികചുമതല ബാലുശ്ശേരി ഭക്ഷ്യസംസ്കരണ പോഷകാഹാര പരിശീലന കേന്ദ്രം ഡയറക്ടർ (നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണറർ തസ്തിക) ആയി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ.കെ.ജെ.ടോമിയ്ക്ക് നൽകിക്കൊണ്ടുള്ള ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് പരാമർശം (1) പ്രകാരം സാധൂകരണം നല്കിയിരുന്നു. കോഴിക്കോട് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗംപ്രൊജക്റ്റ് ഡയറക്ടർ തസ്തികയുടെ അധികച്ചുമതല വഹിച്ച **22.12.2021** മുതൽ **28.02.2022** വരെയുള്ള കാലയളവിലേക്ക് ശ്രീ.കെ.ജെ.ടോമിയ്ക്ക് അധികച്ചുമതലാ ബത്ത അനുവദിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണറായ (നിലവിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക) ശ്രീ.കെ.ജെ.ടോമിയ്ക്ക് കോഴിക്കോട് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടറുടെ പൂർണ അധികചുമതല നിർവഹിച്ചതിന് കെ എസ് ആർ ഭാഗം **I**, ചട്ടങ്ങൾ **53 (b) (2) [ as amended vide GO(P) No.88/2017 Fin dtd: 11.07.2017], 53 A II (b) (3), 53 (c)** എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ **4%** എന്ന നിരക്കിൽ, **22.12.2021** മുതൽ **28.02.2022** വരെയുള്ള കാലയളവിലേക്ക് ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ.കെ.ജെ.ടോമി, ഡെപ്യൂട്ടി ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 19-02-2026 15:01:39

സെക്ഷൻ ഓഫീസർ